**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 1686** — **13.07.2011- ൽ മറുപടിയ്ക്ക്**

## പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീ. എ.എ. അസീസ്

പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിലും എത്ര പേർ വീതം പ്രവർത്തിക്കുന്നു എന്നും വ്യക്തമാക്കുമോ;

(എ)

| നം. | മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | കരകൗശലം | 1 ലക്ഷം |
| 2. | ബീഡി വ്യവസായം | 8,000 - ത്തോളം |
| 3. | ഈറ്റ, പനമ്പ് നെയ്ത്ത് | 15,000 (കുടുംബങ്ങൾ) |
| 4. | കശുവണ്ടി | 24,505 |
| 5. | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | 13,000 - ത്തോളം |
| 6. | കരിമ്പന വ്യവസായം | 50,000 - ത്തോളം |
| 7. | കൈത്തറി | 55,000 - ത്തോളം |
| 8. | കയർ | 75,000 (ഏകദേശം) |
| 9. | മരപ്പണി, കൽപ്പണി, സ്വർണ്ണപ്പണി, ഇരുമ്പുപണി, മൺപാത്ര നിർമ്മാണം, തുകൽ ഉല്പന്നം, ചെമ്പു പിച്ചള ഉല്പന്നം | 35 ലക്ഷം |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

| | | |
|---|---|---|
| (ബി) | പരമ്പരാഗത വ്യവസായത്തെ ശക്തിപ്പെടുത്താനും കൂടുതൽ പേരെ പ്രസ്തുത മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) പരമ്പരാഗത വ്യവസായത്തെ ശക്തിപ്പെടുത്താനും കൂടുതൽ പേരെ പ്രസ്തുത മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സ്വീകരിച്ച് നടപടികൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (സി) | പരമ്പരാഗത വ്യവസായ മേഖലകളെ യന്ത്രവൽക്കരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കുമോ ? | സി) **കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ** പരമ്പരാഗത വ്യവസായ മേഖലകളെ യന്ത്രവൽക്കരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് നടുവണ്ണൂരിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വർക്ക്ഷെഡുകൾ ഏറ്റെടുത്ത് അതിൽ ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് മരം /ഇരുമ്പ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി ക്കഴിഞ്ഞു. കൂടാതെ കൊല്ലം ജില്ലയിലെ ഉമയനല്ലൂരിൽ കരകൗശല വസ്തുക്കളുടെ നിർമ്മാണം യന്ത്രസഹായത്തോടെ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുവരുന്നു.<br>കരകൗശല വികസന കോർപ്പറേഷനിൽ കമ്പ്യൂട്ടർ നിയന്ത്രിത 3 D പെന്റോഗ്രാഫ് പോലുള്ള ആധുനിക മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br><br>**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ**<br>ഫാക്ടറികളിൽ തോട്ടണ്ടി കരിച്ച് വറുത്ത് തല്ലി എടുക്കുന്ന സമ്പ്രദായത്തോടൊപ്പം തോട്ടണ്ടി ആവിയിൽ പുഴുങ്ങി കട്ടിംഗ് മെഷീൻ ഉപയോഗിച്ച് കട്ട് ചെയ്തെടുക്കുന്നതിനുള്ള രീതിയും അവലംബിച്ച് വരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു.<br><br>(1) നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർബോർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.<br>(2) നിലവിലുണ്ടായിരുന്ന ടിൻഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ' ഫ്ളെക്സി പാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ഫ്ലക്സി പാക്കിംഗ് പരിപ്പിനാണ് മാർക്കറ്റു |

ള്ളത്.
(3 കോർപ്പറേഷൻ ഫാക്ടറികൾ , അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(4) CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പ റേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(5) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങ ളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹി പ്പിക്കുന്നതിനും, ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്കും 7500 ഓളം തൊഴിലാളി കളെ നിയമിച്ചിട്ടുള്ളതാണ്.

(6). ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഗുണ മേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേ തികവിദ്യസ്വായത്തമാക്കുന്നതിലേയ്ക്ക് കോർപ്പറേഷ നിലെ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരി ശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടത്തി വരുന്നു.

(7) ഫാക്ടറികളിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് മിക്ക ഫാക്ടറികളിലും കുഴൽക്കിണറിന്റെ നിർമ്മാണം പൂർത്തീകരിച്ച് എല്ലാ ഫാക്ടറികളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(8). കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദി പ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

20. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പ റേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്പമെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(9). കശുവണ്ടി വികസന കോർപ്പറേഷൻ അമുൽ, എസ്.റ്റി.സി. എന്നീസ്ഥാപനങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർ ക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി കളും സ്വീകരിച്ചു വരികയാണ്.

**<u>കേരള സംസ്ഥാന ബാംബൂ കോർപ്പറേഷ</u>നെ** യന്ത്രവൽക്കരിക്കുന്നതിനും പുനരുജ്ജീവി പ്പിക്കുന്നതിനുമായി വിവിധ നവീകരണ- വൈവിധ്യ വൽക്കരണ പ്രവർത്തനങ്ങളുമായി ബാംബൂ കോർപ്പറേഷൻ മുന്നോട്ടു പോകുന്നു. ഇതുവരെ 13 യന്ത്രവൽക്കൃത സാമൂഹ്യ പനമ്പു നെയ്ത്തു കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു; പുതുതായി ഇത്തരം 17 കേന്ദ്രങ്ങൾ കൂടി തുടങ്ങുവാൻ തയ്യാറെടുക്കുന്നു. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മുള ഉപയോഗിച്ച് നിർമ്മിക്കുന്ന ഫ്ലാറ്റൻഡ് ബാംബൂ ബോർഡിന്റെയും , ബാംബൂ ഫ്ലോറിംഗ് ടൈലിന്റെയും

ഉല്പാദനവും കോർപ്പറേഷന്റെ കീഴിൽ നടന്നു വരുന്നു.

**<u>കാപെക്സ്:-</u>**

കശുവണ്ടി വ്യവസായ മെഖലയെ യന്ത്രവൽക്കരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, ഷെല്ലിംഗിൽ കട്ടിംഗ് മെഷീനുകളും, പീലിംഗിൽ ആട്ടോമാറ്റിക് പീലിംഗ് മെഷീനും. ഗ്രേഡിംഗിൽ ആട്ടോമാറ്റിക് കളർ സോർട്ടർ മെഷീനുകളും വാങ്ങുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ